(ബി) കാംപ്കോയ്ക്ക് പുതിയതായി കൊക്കോ സംഭരണത്തിന് എന്ന് മുതലാണ് വില്പനനികുതി ഏർപ്പെടുത്തിയതെന്നും നികുതി എത്ര ശതമാന മാണെന്നും വ്യക്തമാക്കുമോ;

(സി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ നികുതി ഘടന ഏകീകരി ക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ കർണാടക നൽകുന്നതുപോലെ കാംപ്കോയ്ക്ക് വില്പന നികുതി ആനുകൂല്യം നല്കാൻ ഉദ്ദേശിക്കു ന്നുണ്ടോ?

ഉത്തരം

(എ) മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കോപ്പറേറ്റീവ് സൊസൈറ്റികൾ വാങ്ങുന്ന കൊക്കോ പ്രോസസിംഗ് സർക്കാർ നോട്ടിഫിക്കേഷൻ എസ്.ആർ. ഒ.നം. 487/98 പ്രകാരം നികുതി ഒഴിവ് അനുവദിച്ചിരുന്നു. പ്രസ്തുത ഒഴിവ് 1.4.97 മുതൽ 31.12.99 വരെ യായിരുന്നു.

(ബി) കാംപ്കോയ്ക്ക് മാത്രമായി നികുതി ചുമത്തിയിട്ടില്ല. 1.1.2000 മുതൽ കൊക്കോയുടെ നികുതി 8 ശതമാനമാണ്.

(സി) കർണ്ണാടക സംസ്ഥാനത്തിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

25 (335) സമ്പദ് വളർച്ചാ ശതമാനം

ശ്രീ. കെ.സി വേണുഗോപാൽ :

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ ബഡ്ജറ്റ് അവത രിപ്പിക്കുമ്പോഴും എത്ര ശതമാനം വീതം സമ്പദ് വളർച്ചയ്ക്ക് ലക്ഷ്യമിട്ടിരുന്നു;

(ബി) അതിൽ ഓരോ വർഷവും എത്ര ശതമാനം വീതം സമ്പദ് വളർച്ച ഉണ്ടായതായി കണക്കാക്കപ്പെടുന്നു;

(സി) ഇത്രയും സമ്പദ് വളർച്ച ഉണ്ടായി എന്നതിനുള്ള തെളിവ് എന്തെ ല്ലാമാണ്?

ഉത്തരം

(എ) ഒൻപതാം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നതിനുസൃത മായി ഓരോ വർഷവും 7 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) 1980-81 അടിസ്ഥാന വർഷമായി കണക്കാക്കിയാൽ 1997-98 6.6 ശതമാനം വളർച്ചാ നിരക്ക് കൈവരിച്ചിരുന്നു. ഡി.എസ്.ഒ.യുടെ നിർദ്ദേശ പ്രകാരം സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സംസ്ഥാന ത്തിന്റെ ആഭ്യന്തര ഉത്പാദനം സംബന്ധിച്ച് 1993-94 അടിസ്ഥാന വർഷമായി തയ്യാറാക്കിയ കണക്കുകളനുസരിച്ച് 1996-97ൽ 4.7 ശതമാനത്തിന്റെയും, 1997 -98ൽ 4.8 ശതമാനത്തിന്റെയും, 1998-99ൽ 5.5 ശതമാനത്തിന്റെയും, സമ്പദ് വളർച്ച കൈവരിച്ചിട്ടുണ്ട്. 1999-2000-ാമാണ്ടിലെ കണക്ക് ലഭ്യമല്ല.

(സി) 1993-94 അടിസ്ഥാന വർഷമായി കണക്കാക്കിയാൽ സംസ്ഥാന ത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം 1995-96-ൽ 30302.47 കോടി രൂപയായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നത്, 1996-97ൽ 31727.97 കോടി രൂപയായും, 1997-98-ൽ 33253.68 കോടി രൂപയായും, 1998-99ൽ 35091.72 കോടി രൂപയായും വർദ്ധിച്ചു. പൊതുവായുണ്ടായ ഈ വർദ്ധനവ് കൃഷിയും അനുബന്ധ മേഖലകളും, വ്യവസായം, വൈദ്യുതി ഉത്പാദനം, ശുദ്ധജല വിതരണം, നിർമ്മാണം, ഗതാഗതം, ബാങ്കുകളും ഇൻഷ്വറൻസും തുടങ്ങി എല്ലാ പ്രധാന വികസന മേഖലകളിലെയും ആഭ്യന്തരവരുമാനത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. പ്രാഥമിക മേഖലയിലെ മൊത്തം വരുമാനം 1995-96-ലെ 8743.98 കോടി രൂപയിൽനിന്നും 1996-97ൽ 8956.81 കോടി രൂപയായും, 1997-98ൽ 9086.21 കോടി രൂപയായും, 1998-99ൽ 9443.35 കോടി രൂപയായും ഉയർന്നപ്പോൾ ദ്വിതീയ മേഖലയിലേത് ഈ വർഷങ്ങളിൽ 1995-96 ലെ 6531.33 കോടി രൂപയിൽ നിന്നും യഥാക്രമം 6618.07 കോടി രൂപയായും, 7009.55 കോടി രൂപയായും, 7422.41 കോടി രൂപയായും ഉയർന്നു. തൃതീയ മേഖലയിലെ മൊത്തം വരുമാനം 1995-96ൽ 15027.16 കോടി രൂപ ആയിരുന്നത് 1996-97ൽ 16153.09 കോടി രൂപയായും, 1997-98ൽ 17157.95 കോടി രൂപയായും, 1998-99ൽ 18223.96 കോടി രൂപയായും വർദ്ധിപ്പിച്ചു.

26 (336) റവന്യൂ കമ്മി

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. ജോർജ്. ജെ. മാത്യൂ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.3.1996-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്ര ആയിരുന്നു;

(ബി) പ്രസ്തുത വർഷത്തിനുശേഷം റവന്യൂ കമ്മി വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ 31.3.1999 വരെ ഓരോ വർഷവും കമ്മി എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 402.81 കോടി രൂപ

(ബി) ഉണ്ട്.

1996-97 - 643.03 കോടിരൂപ

1997-98 - 1122.91 കോടിരൂപ

1998-99 - 2029.96 കോടിരൂപ.

27 (337) നികുതി പിരിവ് സംബന്ധിച്ച്

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സെയിൽസ് ടാക്സ്, അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, എക്സൈസ്, സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ, വാഹന നികുതി, ലാന്റ് റവന്യൂ, വനം, സ്റ്റേറ്റ് ലോട്ടറി എന്നീ ഇനങ്ങളിൽ ലക്ഷ്യമിട്ടി

LIBRARY ARCHIVES Kerala Legislative Assembly